## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2152 13/06/2019-ൽ മറുപടിയ്ക്ക്**

## കുടുംബ സർവ്വേ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ജെ. മാക്സി | **കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പ മന്ത്രി) |
| (എ) 2018-ൽ സാമൂഹ്യനീതി വകുപ്പ് നടത്തിയ കുടുംബ സർവ്വേ പ്രകാരം എത്ര കുടുംബങ്ങളിലെ കുട്ടികളാണ് സ്വന്തം വീട്ടുകളിൽ പോലും സുരക്ഷിതരല്ല എന്ന് കണ്ടെത്തിയിട്ടുള്ളത്; | (എ) 2018-ലെ കുടുംബസർവ്വേ പ്രകാരം വിഷമസാഹചര്യത്തിൽ കഴിയുന്ന 12 ലക്ഷത്തോളം കുടുംബങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) എത്ര കുടുംബങ്ങളിലെ കുട്ടികൾക്കാണ് രക്ഷിതാവ് സ്വന്തം അച്ഛനോ അമ്മയോ അല്ല എന്ന് കണ്ടെത്തിയിട്ടുള്ളത്; | (ബി) അത്തരത്തിലുള്ള വിവരശേഖരണം 2017-18 വർഷത്തിലെ കുടുംബ സർവ്വേയിൽ നടത്തിയിട്ടില്ല. |
| (സി) എത്ര കുടുംബങ്ങളിലാണ് രക്ഷിതാക്കളിലാരെങ്കിലും മദ്യപരാണ് എന്ന് കണ്ടെത്തിയിട്ടുള്ളത്; | (സി) മദ്യപാനികളായ മാതാപിതാക്കൾ ഉള്ള 94685 കുടുംബങ്ങൾ സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട് . |
| (ഡി) ഇത്തരത്തിലുള്ള കുടുംബങ്ങളിലെ കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുവാൻ സാമൂഹ്യനീതി വകുപ്പ് കാലോചിതമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ? | (ഡി) സുരക്ഷിതമല്ലാത്ത കുടുംബങ്ങളിലെ കുട്ടികളിൽ ഇന്റർവെൻഷൻ ആവശ്യമായ കേസുകളിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവരെ അറിയിച്ച തുടർ നടപടി സ്വീകരിക്കുന്നതിന് അങ്കണവാടി പ്രവർത്തകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**